58 (350) കെ.എസ്.ആർ.ടി.സി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എന്തൊക്കെ കാരണങ്ങൾ കൊണ്ടാണ് സർവ്വീസ് ക്യാൻസൽ ചെയ്യുന്നത്; ഇതിലേക്കായി എന്തെങ്കിലും മാനദണ്ഡങ്ങൾ കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവുമൂലം അടുത്തകാലത്തായി സർവ്വീസ് ക്യാൻസൽ ചെയ്യുന്നതിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിലേക്കാവശ്യമായ ജീവനക്കാരെ ദിവസക്കൂലി വ്യവസ്ഥയിൽ നിയമിച്ച് സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജീവനക്കാരുടേയും വാഹനങ്ങളുടേയും അപര്യാപ്തത മൂലമാണ് സർവ്വീസുകൾ ക്യാൻസൽ ചെയ്യേണ്ടി വരുന്നത്. താരതമ്യേന വരുമാനം തീരെ കുറവായ സർവ്വീസുകളും ദേശസാൽകൃതമല്ലാത്ത മേഖലകളിലെ ലാഭകരമല്ലാത്ത സർവ്വീസുകളുമാണ് ഇപ്രകാരം ക്യാൻസൽ ചെയ്യപ്പെടുന്നത്.

(ബി) വാഹനത്തിന്റെ കുറവാണ് ക്യാൻസലേഷന് പ്രധാന കാരണം. ജീവനക്കാരുടെ കുറവുമൂലം വേണ്ടിവരുന്ന സർവ്വീസ് ക്യാൻസലേഷൻ താരതമ്യേന വളരെ കുറവാണ്.

(സി) സ്ഥിരം ജീവനക്കാരുടെ കുറവുമൂലം ഉണ്ടാകുന്ന ക്യാൻസലേഷൻ ഒഴിവാക്കുവാനായി ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. 93-94 കാലഘട്ടത്തിൽ റോളിലുണ്ടായിരിക്കുകയും അതിനുശേഷം പിരിച്ചുവിടപ്പെടുകയും ചെയ്ത എല്ലാ എംപ്ലോയ്മെന്റ് കണ്ടക്ടർമാരെയും ഡ്യൂട്ടിക്ക് നിയോഗിക്കാൻ നിർദ്ദേശം നൽകി.

2 ജോലിക്ക് പുനർനിയോഗത്തിന് അനുകൂലമായി കോടതിയിൽ നിന്നും വിധി സമ്പാദിച്ച എമ്പാനൽ കണ്ടക്ടർമാരെ ജോലിക്കു നിയോഗിച്ചു.

3. കൂടാതെ മുമ്പ് എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്ത ശേഷം ഇപ്പോൾ ജോലിയില്ലാതെ പുറത്തു നിൽക്കുന്നവരേയും അല്ലാത്ത എംപ്ലോയ്മെന്റ് മുഖാന്തിരം ആവശ്യമുള്ളവരെയും താൽക്കാലികമായി നിയമിക്കാൻ യൂണിറ്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾ തുടർന്നു വരുന്നതായിട്ടാണ് റിപ്പോർട്ട്.

LIBRARY ARCHIVES Kerala Legislative Assembly